DESPATCHED
On 29/3/22



22/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No. 1909(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 116449/SIC-G4/2021)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 മാർച്ച് 22**

ശ്രീ. സോമസുന്ദരൻ വി.എം.,
കയ്യാല ഹൗസ്,
രയരങ്ങോത്ത് പോസ്റ്റ്,
മടപ്പള്ളി കോളേജ് (വഴി)
വടകര – 673 102.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഹെഡ്മാസ്റ്റർ,
തൂണേരി ഇ.വി.യു.പി.സ്കൂൾ,
പി.ഒ. തൂണേരി, കോഴിക്കോട് – 673 505.

2) അപ്പീൽ അധികാരി &
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
നാദാപുരം, പി.ഒ. കല്ലാച്ചി,
കോഴിക്കോട് – 673506.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 16/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 15/10/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 26/10/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 26/11/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 08/12/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 13/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 25/01/2022 |
| ഹിയറിംഗ് നടന്ന തീയതി | 22/03/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. സോമസുന്ദരൻ വി.എം., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിലെ 2 മുതൽ 7 വരെയുള്ള ഇനങ്ങൾക്ക് ഒന്നാം എതിർകക്ഷിയിൽ നിന്നും

തൃപ്തികരമായ മറുപടി ലഭിക്കാത്തതിനാൽ അപ്പീൽ സമർപ്പിച്ചു എങ്കിലും ആയതിന് യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് തൂണേരി ഇ.വി.യു.പി.സ്കൂളിലെ സഹ അധ്യാപികയായ ശ്രീമതി ഗീത പി. എന്നവരുടെ താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ്:

i. ശ്രീമതി ഗീത പി. സ്കൂളിൽ സ്ഥിര ഒഴിവിൽ ചേർന്ന തീയതി ഏതാണെന്നും

ii. മേൽപ്പടിയാൾ താത്ക്കാലിക ഒഴിവിൽ ഏത് മുതൽ ഏത് വരെ ജോലി ചെയ്തു എന്നും ആ കാലയളവിൽ അവർ എത്ര ശമ്പളം കൈപ്പറ്റി എന്നും (അരിയർ, ഡി.എ. ഉൾപ്പെടെ)

iii. സ്ഥിര നിയമന തീയതി മുതൽ 2003 മാർച്ച് 31 വരെ അവർ എത്ര ശമ്പളം വാങ്ങി എന്നും (ഡി.എ. അരിയർ, ശമ്പള അരിയർ എന്നിവ സഹിതം) ഈ കാലയളവിൽ അവർ KASEPF, GIS, SLI, GPAIS എന്നിവ ഉൾപ്പെടെ എത്ര സംഖ്യ അടച്ചു എന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 15.10.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 26.10.2021 തീയതി ഹർജിക്കാരൻ, രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 26.11.2021 തീയതി രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ശ്രീമതി ഗീത പി.യുടെ വ്യക്തിപരമായ വിവരങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ളതെന്നും പ്രസ്തുത വിവരങ്ങൾ അപേക്ഷകന് നൽകേണ്ടതില്ല എന്ന് മൂന്നാം കക്ഷിയായ ശ്രീമതി ഗീത അറിയിച്ചതിനാലാണ് വിവരാവകാശ അപേക്ഷയിലെ 2 മുതൽ 7 വരെയുള്ള ഇനങ്ങൾക്ക് വിവരങ്ങൾ നൽകാതിരുന്നതെന്നും പൊതുതാത്പര്യ സ്വഭാവമുള്ള വിവരങ്ങളായിരുന്നില്ല ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ളതെന്നും ടി വിവരങ്ങൾ വ്യക്തിഗത വിവരങ്ങളായതിനാൽ എസ്.പി.ഐ.ഒ. നൽകിയ മറുപടി ക്രമപ്രകാരമാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കോഴിക്കോട് ജില്ലയിലെ നാദാപുരം ഉപജില്ലാ വിദ്യാഭ്യാസ ആഫീസിലെ അപ്പീൽ അധികാരിക്ക് നൽകിയ അപ്പീൽ അപേക്ഷ 28.10.2021–ന് ടി ആഫീസിൽ ലഭിച്ചിരുന്നു എന്നും പ്രസ്തുത അപ്പീൽ അപേക്ഷയിൽ എസ്.പിഐ.ഒ.

നൽകിയ മറുപടി തൃപ്തികരമല്ല എന്നാണ് ടിയാന്റെ ആക്ഷേപമെന്നും ടി അപ്പീലിന്മേൽ 25.11.2021-ന് എസ്.പി.ഐ.ഒ. ലഭ്യമാക്കിയ റിപ്പോർട്ടിൽ ബോധിപ്പിച്ചത്, മൂന്നാം കക്ഷിയായ ശ്രീമതി ഗീത പി.യുടെ വ്യക്തിപരമായ വിവരങ്ങൾ അപേക്ഷകന് നൽകേണ്ടതില്ലെന്ന് കാണിച്ച് മൂന്നാം കക്ഷിയായ ശ്രീമതി പി.ഗീത പ്രധാനധ്യാപകന് കത്തയച്ചതിനാലാണ് വിവരാവകാശ നിയമം 8(1) പ്രകാരം വ്യക്തിഗത വിവരങ്ങൾ ഹർജിക്കാരന് നൽകാതിരുന്നത് എന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ മൂന്നാം കക്ഷിയായ ശ്രീമതി പി.ഗീതയുടെ (അധ്യാപിക) വ്യക്തിഗത വിവരവുമായി ബന്ധമുള്ളതും അധ്യാപികയുടെ സ്വകാര്യതയെ അനാവശ്യമായി ബാധിക്കുമെന്നതിനാലുമാണ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടി ക്രമപ്രകാരമാണെന്ന് കാണിച്ചുകൊണ്ട് ഹർജിക്കാരന് സമയബന്ധിതമായി വിവരാവകാശ നിയമത്തിലെ എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ട് 26.11.2021-ന് എ/2370/21 നമ്പർ പ്രകാരം മറുപടി അയച്ചിട്ടുള്ളതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ 26.10.2021-ന് നൽകിയ ഒന്നാം അപ്പീൽ അപേക്ഷയ്ക്ക് 26.11.2021-ന് രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി പറയുന്നുവെങ്കിലും ടി മറുപടി ഹർജിക്കാരന് ലഭിച്ചിരുന്നില്ലെന്ന് കാണുന്നു. ആയതിനാൽ അപ്പീലിന്മേലുള്ള ടി മറുപടി 26.11.2021-ന് ഹർജിക്കാരന് അയച്ചു കൊടുത്തിരുന്നു എന്നതിന് തെളിവായി ഡെസ്പാച്ച് കം സ്റ്റാമ്പ് രജിസ്റ്ററിന്റെ പകർപ്പ് 10.4.2022-നകം രണ്ടാം എതിർകക്ഷി കമ്മീഷനിൽ ഹാജരാക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. വിവരാവകാശ നിയമം 8(1)(ജെ) എന്ന വകുപ്പിന് പകരം വിവരാവകാശ നിയമത്തിലെ സെക്ഷൻ 8(എഫ്)(ഐ) എന്നീ വകുപ്പുകൾ തെറ്റായി ചേർത്താണ് രണ്ടാം എതിർകക്ഷി ഹർജിക്കാരന് വിവരം നിഷേധിച്ചിട്ടുള്ളത് എന്നതിനാൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കരുതെന്നും രണ്ടാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. എസ്.പി.ഐ.ഒ.യുടെ കൈവശമുള്ള വിവരം അപേക്ഷകൻ ആവശ്യപ്പെടുന്ന രൂപത്തിലേക്ക് മാറ്റി ഒരു ഫോർമാറ്റ് രൂപത്തിൽ നൽകാൻ ആവശ്യപ്പെടുന്നത് വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല എന്ന കാര്യം ഹർജിക്കാരനെ കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു. ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിലെ 2, 3, 4, 5, 6, 7 എന്നീ ഇനങ്ങളിലെ വിവരങ്ങൾ വിവരാവകാശ നിയമം 8(1)(ജെ) പ്രകാരം നിഷേധിക്കേണ്ടതായിരുന്നില്ല എന്നതിനാൽ ടി ഇനങ്ങൾക്ക് ലഭ്യമായ വിവരം 10.4.2022-നകം ഒന്നാം എതിർകക്ഷി ഹർജിക്കാരന് സൗജന്യമായി നൽകേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. എന്നാൽ ഇവയിൽ ഏതെങ്കിലും ഇനത്തിന് വിവരം ക്രോഡീകരിച്ച് ഫോർമാറ്റ് രൂപത്തിൽ നൽകേണ്ടതാണെങ്കിൽ അപ്രകാരം നടപടി സ്വീകരിക്കേണ്ടതില്ലെന്നും പകരം

ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിച്ച് ആവശ്യമെങ്കിൽ രേഖകളുടെ പകർപ്പുകൾ ഫീ ഒടുക്കി എടുക്കുന്നതിന് ഹർജിക്കാരന് അനുമതി നൽകിയാൽ മതിയെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 22–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us